**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1713** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പശുസഖിമാർക്ക് തൊഴിൽ അവസരങ്ങളും ആനുകൂല്യങ്ങളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കുടുംബശ്രീ സംസ്ഥാന മിഷന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്ത പദ്ധതി പ്രകാരം എ-ഹെൽപ്(അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് എക്സ്റ്റൻഷൻ ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ) പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പശുസഖിമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഗ്രാമീണ മേഖലയിലെ മൃഗസംരക്ഷണ സേവനങ്ങൾ കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത്, പരിശീലനം വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടിയ പശുസഖിമാരുടെ എ-ഹെൽപ്പ് (അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് എക്സ്റ്റൻഷൻ ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ) ആകെ എണ്ണം 438 ആണ്.

**(ബി)** പരിശീലനം പൂർത്തിയാക്കിയ പശുസഖിമാർക്ക്, ആശാ വർക്കർമാർക്ക് സമാനമായ രീതിയിൽ മൃഗസംരക്ഷണ മേഖലയിൽ സ്ഥിരമായ സേവന അവസരങ്ങളോ പ്രതിഫലമോ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** പരിശീലനം പൂർത്തിയാക്കിയ പശുസഖിമാർക്ക്, നിർവഹിക്കുന്ന സേവനങ്ങളുടെ സ്വഭാവമനുസരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പശുസഖിമാരുടെ പ്രവർത്തനമേഖലയും ചുമതലകളും കൂടാതെ ഇൻസെന്റീവും/ഓണറേറിയവും ബന്ധപ്പെട്ട പദ്ധതികളുടെ മാർഗനിർദേശങ്ങൾക്കും സാങ്കേതിക നിർദേശങ്ങൾക്കും വിധേയമായിട്ടും അനുവദിച്ചു വരുന്നു. പ്രസ്തുത പ്രവർത്തനമേഖലയിൽ പശുസഖിമാരുടെ പങ്കാളിത്തം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നു.

**(സി)** മൃഗസൗഹൃദ പ്രതിരോധ കുത്തിവെയ്പ്പ്, ഇൻഷുറൻസ് ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇവർക്ക് കൃത്യമായ അവസരങ്ങളും വേതനവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

<u>**മറുപടി:**</u> പരിശീലനം പൂർത്തിയാക്കിയ പശുസഖിമാർക്ക്, നിർവഹിക്കുന്ന സേവനങ്ങളുടെ സ്വഭാവമനുസരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പശുസഖിമാരുടെ പ്രവർത്തനമേഖലയും ചുമതലകളും കൂടാതെ ഇൻസെന്റീവും/ഓണറേറിയവും ബന്ധപ്പെട്ട പദ്ധതികളുടെ മാർഗനിർദേശങ്ങൾക്കും സാങ്കേതിക നിർദേശങ്ങൾക്കും വിധേയമായിട്ടും അനുവദിച്ചു വരുന്നു. പ്രസ്തുത പ്രവർത്തനമേഖലയിൽ പശുസഖിമാരുടെ പങ്കാളിത്തം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നു.

**(ഡി)** തളിപ്പറമ്പ് മണ്ഡലം ഉൾപ്പെടെ വിവിധ പ്രദേശങ്ങളിലെ പശുസഖിമാർ ഇതുസംബന്ധിച്ച് നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>**മറുപടി:**</u> തളിപ്പറമ്പ് മണ്ഡലത്തിലെ പശുസഖിമാരുടെ നിവേദനം നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ പ്രദേശങ്ങളിലെ പശുസഖിമാർ ഈ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**